**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ -688001**

**ഫോൺ:** 0477 2251349, **ഇ-മെയിൽ:** prdalppy@gmail.com

**വെബ്സൈറ്റ്:** www.prd.kerala.gov.in

പത്രക്കുറിപ്പ് 3 "ഭരണഭാഷ- മാതൃഭാഷ" 2020 ഫെബ്രുവരി 20 വ്യാഴം

# വിമുക്തി ബോധവൽക്കരണം മാഫിയകൾക്കെതിരെയുള്ള പോരാട്ടം : മന്ത്രി ജി സുധാകരൻ

ആലപ്പുഴ: അന്തർദേശീയ മാഫിയ ശക്തിക്കൾക്ക് എതിരെയുള്ള പോരാട്ടമാണ് വിമുക്തി പദ്ധതിയിയിലൂടെ സംസ്ഥാനസർക്കാര് നടത്തുന്നതെന്ന് പൊതുമരാമത്ത് രജിസ്ട്രേഷന് വകുപ്പ് മന്ത്രി ജി. സുധാകരൻ പറഞ്ഞു. വിമുക്തി പദ്ധതിയുടെ ജില്ലാതല സമാപനം പുന്നപ്ര കാർമ്മൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നുമന്ത്രി.

ലഹരി മൂലം ഒരു തലമുറ തന്നെ നശിച്ചുപോകുന്നത് ഒഴിവാക്കാനാണ് സർക്കാര് തലത്തില് വിമുക്തി പോലെയുള്ള പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്. മദ്യത്തിന് പുറമേ കഞ്ചാവും മയക്കമരുന്നുകളും ഇന്നത്തെ യുവതലമുറയെ അടിമകളാക്കുന്നുണ്ട്. അത് നിയന്ത്രിക്കാൻ വിമുക്തി പോലെയുള്ള പരിപാടികളിലൂടെ കഴിയണമെന്നും മന്ത്രി പറഞ്ഞു. എല്ലാ മേഖലയിലുമുള്ളവർ മദ്യവർജനത്തിനായി മാതൃകാപരമായ പെരുമാറ്റത്തിലൂടെ മുന്നോട്ട് പോകണം. വിമുക്തി പരിപാടികളുടെ ഭാഗമായി ജില്ലയിലെ എല്ലാ സ്കൂൾ, കോളേജ്, ഗ്രന്ഥശാലകള്, സർക്കാര് ഓഫീസുകള് എന്നിവ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ തുടങ്ങിയിട്ടുണ്ട്.

എല്ലാ നഗരസഭാ, പഞ്ചായത്ത് വാർഡുകളിലും വിമുക്തി സേന രൂപവത്കരിക്കുകയും ലഹരി വിരുദ്ധ ബോധവത്കരണത്തിൻറെ ഭാഗമായി പരിപാടികള് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലഹരിവിരുദ്ധ ജ്വാല തെളിക്കൽ, സൈക്കിൾ റാലി, സിഗ്നേച്ചർ കാംപയിന് എന്നിവയും സംഘടിപ്പിച്ചു. . നാളത്തെ കേരളം ലഹരി വിരുദ്ധ നവകേരളം എന്ന ലക്ഷ്യപ്രാപ്തിക്കായി 90 ദിന തീവ്ര ബോധവത്കരണ പരിപാടികൾക്കാണ് ജില്ലയില് സമാപനമായത്. ജില്ലാ കളക്ടർ എം. അഞ്ജന അധ്യക്ഷത വഹിച്ചു. എ.എം ആരിഫ് എംപി മുഖ്യാതിഥിതായി. യു.പ്രതിഭ എം.എൽ.എ, ജില്ല പോലീസ് മേധാവി

ജയിംസ് ജോസഫ്, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ഷാജി എസ്.രാജൻ തുടങ്ങിയവര് പ്രസംഗിച്ചു.